അടിയന്തരം

നമ്പർ:- ICPS-1/15878/16

സാമൂഹ്യനീതി ഡയറക്ടറേറ്റ്(അനക്സ്)
ICPS, പൂജപ്പുര, തിരുവനന്തപുരം
തീയതി: 07.10.2016

# സർക്കുലർ

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ഐ.സി.പി.എസ്.- 2015 ലെ ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ട് 2015 ചട്ടങ്ങൾ തയ്യാറാക്കുന്നത് - സംബന്ധിച്ച്

സൂചന :- 1. കേന്ദ്ര സർക്കാരിന്റെ 12.01.2016 ലെ SO-110E നമ്പർ വിജ്ഞാപനം
2. കേന്ദ്ര സർക്കാരിന്റെ 21.09.2016 ലെ GSR 898-ാം നമ്പർ വിജ്ഞാപനം
3. 04.10.2016 ന് സാമൂഹ്യനീതി സെക്രട്ടറിയുടെ ചേമ്പറിൽ കൂടിയ യോഗ തീരുമാനം.

ഒന്നാം സൂചന പ്രകാരം 2015 ലെ ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ട് 15.01.2016 മുതൽ പ്രാബല്യത്തിൽ വന്നു. രണ്ടാം സൂചന പ്രകാരം ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) മോഡൽ റൂൾ, 2016 കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു.

പ്രസ്തുത നിയമത്തിന്റേയും മാതൃകാചട്ടങ്ങളേയും അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അടിയന്തിരമായി ബാലനീതി ചട്ടങ്ങൾ തയ്യാറാക്കേണ്ടതുണ്ട്. ഇതിന്റെ പ്രാരംഭ പ്രവർത്തനമെന്ന നിലയിൽ ജില്ലകളിൽ ജില്ലാ ശിശുസംരക്ഷണ ഓഫീസർമാരുടെ നേതൃത്വത്തിൽ ഐ.സി.പി.എസ്.ന്റെ സ്റ്റേക്ക്ഹോൾഡർമാരേയും വിദഗ്ദരെയും പങ്കെടുപ്പിച്ചുകൊണ്ട് 2015 ലെ ബാലനീതി നിയമത്തേയും 2016 മോഡൽ റൂളിനെ സംബന്ധിച്ച് അവലോകനം ഉണ്ടാക്കുന്നതിനും സംസ്ഥാനത്ത് പുതിയ ബാലനീതി ചട്ടങ്ങളിൽ ഉൾപ്പെടുത്തേണ്ട സംഗതികളെക്കുറിച്ച് ചർച്ച നടത്തുന്നതിനുംവേണ്ടി ഒരു ദ്വിദിന ശില്പശാല സംഘടിപ്പിയ്ക്കേണ്ടതാണ്. പ്രസ്തുത ശില്പശാലയിൽ 2015 ലെ ബാലനീതി നിയമത്തേക്കുറിച്ചും 2016 ലെ മാതൃകാചട്ടങ്ങൾ സംബന്ധിച്ചും ഉള്ള ക്ലാസുകളും വിശദമായ ചർച്ചകളും നടത്തണം. ശില്പശാലയിൽ ഉന്നയിക്കപ്പെട്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ക്രോഡീകരിച്ചുള്ള റിപ്പോർട്ട് ജില്ലാ ശിശുസംരക്ഷണ ഓഫീസർമാർ ഈ ഓഫീസിലേയ്ക്ക് അയച്ചുതരേണ്ടതാണ്.

മേൽപ്പറഞ്ഞ പ്രകാരം ശില്പശാല സംഘടിപ്പിച്ച് ചർച്ചകൾ നടത്തി ബാലനീതി ചട്ടങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങളും അഭിപ്രായങ്ങളുമടങ്ങുന്ന റിപ്പോർട്ട് ഈ ഓഫീസിൽ 25.10.2016 നകം സമർപ്പിയ്ക്കേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

To

എല്ലാ ജില്ലാ ശിശുസംരക്ഷണ ഓഫീസർമാർക്കും

പകർപ്പ്:-

1. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
2. എല്ലാ ജില്ലാതല പ്രോഗ്രാം ഓഫീസർമാർക്കും
3. എല്ലാ ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർമാൻമാർക്കും
4. എല്ലാ ജുവനൈൽ ജസ്റ്റിസ് ബോർഡ് പ്രിൻസിപ്പൽ മജിസ്ട്രേറ്റ്മാർക്കും
5. പ്രോഗ്രാം മാനേജർ, SARA
6. ICPS-4 A സെക്ഷൻ
7. സ്റ്റോക്ക് ഫയൽ